# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *158 13.07.2016 - ൽ മറുപടിയ്ക്ക്

## അന്തർ സംസ്ഥാന നദീജല കരാറുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. കെ. നാണു<br>ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) അന്തർ സംസ്ഥാന നദീജല കരാറുകൾ സമയബന്ധിതമായും, കാലോചിതമായും പുനരവലോകനം ചെയ്യുന്നതിന് ഒരു സ്ഥിരം കർമ്മസേന രൂപീകരിക്കാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ; വ്യക്തമാക്കുമോ ;<br><br>(ബി) ഉണ്ടെങ്കിൽ അതിന്റെ ഘടന എങ്ങനെയായിരിക്കുമെന്ന് വിശദമാക്കുമോ; | (എ) യും (ബി) യും | അന്തർ സംസ്ഥാന നദീജല കരാറുകൾ പുനരവലോകനം ചെയ്യുന്നതിനുള്ള ഒരു സ്ഥിരം കർമ്മസേന രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) പറമ്പിക്കുളം - ആളിയാർ പ്രോജക്റ്റ് (പി.എ.പി.) കരാർ പുനരവലോകനം നടത്തി പുതുക്കേണ്ട സമയം കഴിഞ്ഞിട്ടും ആയത് പുതുക്കാത്തത് എന്തുകൊണ്ടാണ് ; | (സി) | കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988-ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും, മന്ത്രി തലത്തിലും, മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ 1988 - 2011 കാലയളവിൽ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, സംയുക്ത ഗേജിംങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധിക ജല – ലഭ്യത പങ്കുവെയ്ക്കുന്നത് ഉൾപ്പെ ടെയുള്ള വിഷയങ്ങളിൽ ഇരു സംസ്ഥാനങ്ങളും പരസ്പരധാരണയിൽ എത്തിച്ചേർന്നിട്ടില്ല. ആയതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. |

| | |
|---|---|
| ഡി) പി.എ.പി. കരാർ പുതുക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (ഡി) കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് തമിഴ് നാടുമായി വീണ്ടും ചർച്ചകൾ നടത്തി കരാർ പുനരവലോകനം ചെയ്യണമെന്നതു തന്നെയാണ് സർക്കാരിന്റെ തീരുമാനം. |
| ഇ) പ്രസ്തുത കരാർ പുതുക്കുന്നതിന് സുപ്രീം കോടതിയിൽ നിലവിലുള്ള ഏതെങ്കിലും കേസ് തടസ്സമായിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള ചർച്ചകൾ തുടരുന്നതിന്, 2012 - 13 ജല വർഷത്തിൽ തമിഴ് നാട് നടത്തിയ പി.എ.പി. കരാർ ലംഘനങ്ങൾക്കെതിരെ കേരളം ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത അസ്സൽ അന്യായവും ( O. S. 2 of 2013), ഒരു ഇടക്കാല ഹർജിയും (I. A. 1 of 2013) തടസ്സമാവില്ല എന്ന് ബഹു. സുപ്രീം കോടതിയിലെ കേരളത്തിന്റെ അഭിഭാഷകൻ ശ്രീ മോഹൻ. വി. കട്ടാർക്കിയും കേരളത്തിന്റെ സ്റ്റാൻഡിംഗ് കൗൺസൽ ശ്രീ രമേശ് ബാബു. എം. ആർ. ഉം നിയമോപദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ